Mr. Speaker : That has been already answered.

പിന്നോക്കവിഭാഗത്തിൽ ആളുകളെ ഉൾപ്പെടുത്തുന്ന മാനദണ്ഡം.

* 1382. [2] ശ്രീ. സി. എ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിന്നോക്കവിഭാഗത്തിൽ, ആളുകളെ ഉൾപ്പെടുത്തേണ്ടതിന്റെ മാനദണ്ഡം, സാമ്പത്തികമോ അഥവാ സാമുദായികമോ ആയിരിക്കേണ്ടതെന്നുള്ളതിനെപ്പറ്റി, കേരളഗവണ്മെന്റിന്റെ അഭിപ്രായം ആരാഞ്ഞുകൊണ്ട്, കേന്ദ്രത്തിൽനിന്നും ഏതെങ്കിലും കത്ത് ഗവണ്മെന്റിനു ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ, ഈ വിഷയത്തിൽ ഗവണ്മെന്റ് എന്തു നിലപാടു സ്വീകരിച്ചു, എന്തു മറുപടി കൊടുത്തു ?

ധനകാര്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ) :

(എ-ബി) ഉത്തരം തയാറായിട്ടില്ല. പിന്നൊരു ദിവസം പറയാം.

ശ്രീ. എം. നാരായണക്കുറുപ്പ് : ഇതിൽ കത്തു ലഭിച്ചിട്ടുണ്ടോ എന്നാണു ചോദിക്കുന്നത് ; അതു പറയുന്നതിനു് എന്താണിത്രമാസം വരുന്നത് ?

ശ്രീ. സി. അച്യുതമേനോൻ : ഇപ്പോൾ അതിന്റെ ഫയൽ കണ്ടില്ല. അല്ലാതെ മറ്റു കാരണമൊന്നുമില്ല.

തൊഴിൽത്തർക്കങ്ങൾ.

* 1383. [4] ശ്രീ. പി. ഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1959 മാർച്ചു് മാസത്തിനുശേഷം എത്ര തൊഴിൽത്തർക്കങ്ങൾ ഒത്തുതീർപ്പിൽ എത്തിക്കുകയുണ്ടായി ;

(ബി) ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥന്മാർ മൊത്തം എത്ര പരിശോധനകൾ നടത്തിയിട്ടുണ്ട് ;

(സി) എത്ര ടെയിഡ് യൂണിയനുകൾ പുതുതായി രജിസ്റ്റർ ചെയ്യപ്പെട്ടുവെന്നും വർക്കുമെൻ കാംപൻസേഷൻ കമ്മീഷണരാൽ എത്ര കേസ്സുകൾ തീരുമാനിക്കപ്പെടുകയുണ്ടായെന്നും പറയാൻ കഴിയുമോ ?

തൊഴിൽവകുപ്പുമന്ത്രി (ശ്രീ. ടി. വി. തോമസ്) :

(എ) 601.

(ബി) 3,847.

(സി) 22 ടെയിഡ്യൂണിയനുകൾ പുതുതായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. വർക്കുമെൻസ് കാമ്പൻസേഷൻ കമ്മീഷണർ 15 കേസ്സുകൾ തീരുമാനിക്കയുണ്ടായി.

ശ്രീ. കെ. ഹസ്സൻ ശനി : എത്ര തൊഴിൽത്തർക്കങ്ങൾ ബാക്കി തീരുമാനിക്കാനുണ്ടെന്നു പറയാമോ ?

ശ്രീ. ടി. വി. തോമസ് : ബാക്കി എത്രയുണ്ടെന്നുള്ള കണക്ക് ഇപ്പോൾ എന്റെ കൈവശം ഇല്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ഈ കേസ്സുകൾ തീർക്കുന്നതിനു് ഏതെങ്കിലും കാലപരിധി വച്ചിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly